ലക്കിടി കുഞ്ചൻ സ്മാരകം

69 (1437) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റപ്പാലം നിയമസഭാ നിയോജകമണ്ഡലത്തിലെ ലക്കിടി കുഞ്ചൻ സ്മാരകത്തിന്റെ സമഗ്ര പുരോഗതിക്കായി താഴെ പറയുന്ന കാലയളവിലേക്ക് അനുവദിച്ച ഫണ്ടുകളുടെ വിശദാംശം ലഭ്യമാക്കാമോ ; 2006-07, 2007-08, 2008-09, 2009-10, 2010-11, 2011-12, 2012-13, 2013-14, 2014-15 ;

(ബി) ലക്കിടി കുഞ്ചൻ സ്മാരകത്തെ മലയാളം സർവ്വകലാശാലയുടെ പഠന കേന്ദ്രമാക്കണം എന്ന ആവശ്യം പരിഗണനയിലുണ്ടോ ;

(സി) എങ്കിൽ പ്രസ്തുത സ്മാരകത്തെ മലയാളം സർവ്വകലാശാലയുടെ പഠന കേന്ദ്രമാക്കുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

ഉത്തരം

(എ) ലക്കിടി കുഞ്ചൻ നമ്പ്യാർ സ്മാരകത്തിന് 2006-07 മുതൽ 2014-15 വരെ 91,24,000 രൂപ സർക്കാർ ധനസഹായം അനുവദിച്ചിട്ടുണ്ട്. ധനസഹായം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

2006-07	-	1,65,000
2007-08	-	1,35,000
2008-09	-	21, 25,000
2009-10	-	1,75,000
2010-11	-	13,25,000
2011-12	-	21,24,000
2012-13	-	16,75,000
2013-14	-	7,00,000
2014-15	-	7,00,000
ആകെ		91,24,000

LIBRARY ARCHIVES Kerala Legislative Assembly

(ബി&സി) നിലവിലുള്ള സ്മാരകങ്ങളേയോ മറ്റ് സ്മാരകങ്ങളേയോ മലയാളം സർവ്വകലാശാലയുടെ പഠന കേന്ദ്രമായി അംഗീകരിക്കാനുള്ള നിർദ്ദേശങ്ങൾ പരിഗണിക്കാൻ നിലവിലുള്ള നിയമമനുസരിച്ച് കഴിയുകയില്ല.

ആറന്മുള ശില്പകലാഗ്രാമം പദ്ധതി

70 (1438) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര മണ്ഡലത്തിൽ ആറന്മുള ശില്പ കലാഗ്രാമം പദ്ധതി ആരംഭിക്കുന്നതിന് സാംസ്കാരിക വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(ബി) ആറന്മുള ശില്പകലാഗ്രാമപദ്ധതിയുടെ പ്രവൃത്തികളടങ്ങിയ ഫയൽ നമ്പർ അറിയിക്കാമോ ; അടിയന്തരമായി ഈ പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) ആറന്മുള ശില്പകലാഗ്രാമം പദ്ധതി അംഗീകരിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു. ഈ പദ്ധതി ആരംഭിക്കുന്നതിന് തീരുമാനം കൈക്കൊണ്ടിട്ടില്ല.

തലശ്ശേരി കോട്ടയ്ക്ക് സമീപം കണ്ടെത്തിയ നൂറ്റാണ്ടുകൾ പഴക്കമുള്ള പീരങ്കി

71 (1439) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലശ്ശേരി കോട്ടയ്ക്ക് സമീപം കണ്ടെത്തിയ നൂറ്റാണ്ടുകൾ പഴക്കമുള്ള പീരങ്കി പൈതൃക സ്വത്തായി പുരാവസ്തു വകുപ്പ് സംരക്ഷിക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly